"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്- അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1228/2023/LBR തീയതി,തിരുവനന്തപുരം, 30-09-2023

---

പരാമർശം:-
1. 27.10.16ലെ സ.ഉ (സാധാ)നം. 1325/2016/തൊഴിൽ നമ്പർ ഉത്തരവ്.
2. 02/03/2017-ലെ സ.ഉ(സാധാ)നം.274/17/തൊഴിൽ നമ്പർ ഉത്തരവ് .
3. 01/11/2019-ലെ സ.ഉ(സാധാനം.1330/2019/ തൊഴിൽ നമ്പർ ഉത്തരവ്.
4. ലേബർ കമ്മീഷണറുടെ 22.08.2023 ലെ LCO/3565/2023/EN(4) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് 2017 മുതൽ ആവാസ് പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ടി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. അതിഥി പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾക്കും, അതിഥി പോർട്ടൽ എന്നത് അതിഥി ആപ്പ് എന്ന മൊബൈൽ ആപ്ലിക്കേഷൻ ആക്കി ടി ആപ്പ് വഴി ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്യുമ്പോഴും ആവാസ് പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ടി തൊഴിലാളികൾക്ക് ലഭിക്കുന്ന തരത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (4) പ്രകാരം ലേബർ കമ്മീഷണർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിഥി പോർട്ടൽ വഴി ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനോടൊപ്പം, ടി പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ആവാസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അതോടൊപ്പം അതിഥി പോർട്ടൽ എന്നത് അതിഥി ആപ്പ് എന്ന മൊബൈൽ ആപ്ലിക്കേഷൻ ആക്കി മാറ്റുമ്പോളും ആവാസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ തുടരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും ലേബർ കമ്മീഷണർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
വെബ് & ന്യൂ മീഡിയ .
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ